"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ പുതുനഗരം മുസ്ലീം ഹൈസ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C)No. 12238/2022 ന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 03.04.2023 -ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.8298/2023/GEDN തീയതി,തിരുവനന്തപുരം, 28-12-2023

---

പരാമർശം:-

1. പാലക്കാട് ജില്ലയിലെ പുതുനഗരം മുസ്ലീം ഹൈസ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 16/06/2020 തീയതിയിലെ പുന പരിശോധനാ ഹർജി(Ext. P7).
2. പാലക്കാട് ജില്ലയിലെ പുതുനഗരം മുസ്ലീം ഹൈസ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 16/06/2020 തീയതിയിലെ അപ്പീൽ ഹർജി(Ext. P8).
3. ബഹു. കേരള ഹൈക്കോടതിയുടെ03.04.2023 തീയതിയിലെ W.P.(C) No. 12238/2022 ന്മേലുള്ള വിധിന്യായം.
4. മലപ്പുറം ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലാ ഉപ മേധാവിയുടെ 18/10/2023 തീയതിയിലെ എഫ്/3150/2023/ആർഡിഡിഎച്ച്എസ്സ്ഇ/ എംഎൽപിഎം നമ്പർ കത്ത്.
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ(ഹയർ സെക്കന്ററി വിഭാഗം) 19/10/2023 തീയതിയിലെ എച്ച് എസ്സ് ഇ/9393/2023/എസിഡി- സി 2നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പുതുനഗരം മുസ്ലീം ഹൈസ്കൂൾ മാനേജർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C ) No.12238/2022ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 3 വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച Ext. P7 പുന പരിശോധനാ ഹർജിയും(പരാമർശം 1), Ext. P8 അപ്പീൽ ഹർജിയും (പരാമർശം 2) ഹർജിക്കാരനെയും നാലാം എതിർ കക്ഷിയായ ടി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ജൂനിയർ(അറബിക്ക്) ശ്രീ. മുഹമ്മദ് റിയാസുദ്ദീനെയും കേട്ട് തീർപ്പാക്കാൻ ടി റിട്ട് ഹർജിയിലെ ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ബന്ധപ്പെട്ട കക്ഷികളെ 25.10.2023-ൽ നേരിൽ കേട്ടു.

2. ഹർജിക്കാരന്റെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

"എന്റെ എക്സിപിറ്റ് പി7 തസ്തിക നിർണ്ണയ റിവിഷൻ ഹർജി സംബന്ധിച്ച് 2019-20 തസ്തിക നിർണ്ണയത്തിൽ പ്ലസ് 1, പ്ലസ് 2 ക്ലാസ്സുകളിലായി ലഭ്യമായ 30+23 അറബിക് കുട്ടികളുടെ അടിസ്ഥാനത്തിൽ ഒരു എച്ച്.എസ്.എസ്.ടി അറബിക് ജൂനിയർ തസ്തിക അനുവദിക്കണമെന്നതാണ് എക്സിപിറ്റ് പി7 ഹർജിയിലെ ആവശ്യം.

സർക്കാർ ഉത്തരവ് നമ്പർ 14/2019 പൊ.വി.വ തീയതി 6.2.2019 ഉത്തരവിൽ മുസ്ലീം ഹയർസെക്കന്ററി സ്കൂൾ പുളനഗരത്തിന് ഒരു എച്ച്.എസ്.എസ്.ടി അറബിക് തസ്തിക അനുവദിച്ചിട്ടുള്ളതാണ്. മലപ്പുറം ആർ.ഡി.ഡി-യുടെ എഫ്/8856/2019 ആർ.ഡി.ഡി.എച്ച്.എസ്.ഇ തീയതി 16.12.2019 -ലെ 2019-20 തസ്തിക നിർണ്ണയ ഉത്തരവിൽ തന്നെ പ്ലസ് 1 ക്ലാസ്സിൽ 54 കുട്ടികളും പ്ലസ് 2 ക്ലാസ്സിൽ 41 കുട്ടികളും മാർജിനൽ ഇൻക്രീസ് ഉൾപ്പെടെയും, മാർജിനൽ ഇൻക്രീസ് ഇല്ലാതെ 30+23 കുട്ടികളും അറബി പഠനത്തിന് ലഭ്യമാണ്. സർക്കാർ ഉത്തരവ് (കൈ) 162/91 പൊ.വി.വ തീയതി 1.10.1991 പ്രകാരം ഹയർസെക്കന്ററി വിഭാഗത്തിൽ ഭാഷാ തസ്തികകൾ അനുവദിക്കുവാൻ മിനിമം 10 കുട്ടികൾ റോളിൽ ഉണ്ടെങ്കിൽ ഭാഷാ തസ്തികകൾ അനുവദിക്കാവുന്നതാണ് എന്ന് സ്പഷ്ടമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 125/98 പൊ.വി.വ തീയതി 21.4.1998-ലെ ഉത്തരവിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ഭാഷാ തസ്തികകൾ അനുവദിക്കുവാൻ ചുരുങ്ങിയത് 20 കുട്ടികൾ വേണം എന്ന ജി.ഒ (എം.എസ്) നം.186/1997 പൊ.വി.വ തീയതി 3.6.1997 എന്ന ഉത്തരവിലെ നിബന്ധന ലഘൂകരിച്ചുകൊണ്ട് മിനിമം 10 കുട്ടികൾ ഭാഷാ പഠനത്തിന് ഉണ്ടെങ്കിൽ ഭാഷാ തസ്തിക അനുവദിക്കാം എന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

ഇതിനെല്ലാം കടകവിരുദ്ധമായി ഹയർസെക്കന്ററി മലപ്പുറം മേഖലാ ഉപമേധാവി ഇറക്കിയ എഫ് 8043/19/ആർ.ഡി.ഡി/എച്ച്.എസ്.ഇ മലപ്പുറം തീയതി 9.6.2020-ലെ ഉത്തരവിൽ 2019-20 വർഷം തസ്തിക നിർണ്ണയ ഉത്തരവിൽ ഡയറക്ടറുടെ എ.ഡി.സി/170603/2019 എച്ച്.എസ്.ഇ തീയതി 7.1.2020 -ലെ സ്പഷടീകരണം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എച്ച്.എസ്.എസ്.ടി ജൂനിയർ അറബിക് തസ്തിക അനുവദിച്ചിട്ടില്ല എന്ന് ഉത്തരവായിരുന്നു. ഈ ഉത്തരവ് നിയമപരമായി നിലനിൽക്കാത്തതിനാൽ 2019-20-ൽ അർഹതയുള്ള ഒരു എച്ച്.എസ്.എസ്.ടി ജൂനിയർ അറബിക് തസ്തിക അനുവദിക്കേണ്ടതാണ്.

എക്സിപിറ്റ് പി8 നിയമന അംഗീകാര റിവിഷൻ ഹർജി സംബന്ധിച്ച് 2019-20 അദ്ധ്യയന വർഷം പ്ലസ്1,പ്ലസ്2 ക്ലാസ്സുകളിലായി യഥാക്രമം 30+23 കുട്ടികൾ അറബി പഠനത്തിനായി ചേർന്നിട്ടുണ്ട്. സർക്കാർ പ്ലസ്1, പ്ലസ്2 സീറ്റുകൾ വർദ്ധപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അധികമായി അഡ്മിഷൻ നേടിയ കുട്ടികളും ചേർത്ത് അനുവദനീയമായ മാർജിനൽ ഇൻക്രീസ് കണക്കാക്കുമ്പോൾ പ്ലസ്1, പ്ലസ്2 ക്ലാസ്സുകളിലായി 54+41 കുട്ടികൾ ഉള്ളതിനാൽ സർക്കാർ ഉത്തരവ് നമ്പർ (കൈ)125/98 പൊ.വി.വ തീയതി 21.4.1998 ഉത്തരവിന്റെ വെളിച്ചത്തിൽ ഒരു എച്ച്.എസ്.എസ്.ടി ജൂനിയർ അറബിക് തസ്തിക ഈ സ്കൂളിന് അനുവദനീയമാണെന്ന് നിയമം അനുശാസിക്കുന്നു. സുഗമമായ പഠന നിർവ്വഹണം ഉറപ്പാക്കുന്നതിനായി മാനേജർ ശ്രീ.റിയാസുദ്ദീൻ പി.വി എന്നവരെ 1.7.2019 മുതൽക്ക് പ്രൊബേഷണറി ആയി നിയമിച്ചത് തികച്ചും നിയമ വിധേയമായ നടപടിയാണ്.

നിയമനാർത്ഥിയായ ശ്രീ.റിയാസുദ്ദീൻ പി.വി യുടെ നിയമനം ഇന്റർവ്യൂ ബോർഡ് സെലക്ട് ചെയ്തതുമാണ്. ഓരോ ബാച്ചിലും 25 കുട്ടികൾ ഉള്ളിടത്താണ് അറബിക് തസ്തികകൾ അനുവദിച്ചു കാണുന്നതെന്നും ഇതിന് സ്പഷ്ടീകരണം വേണമെന്നും ആവശ്യപ്പെട്ടുകൊണ്ട് മേഖലാ ഉപമേധാവി 20.12.2019-ന് ഡയറക്ടറോട് തേടിയപ്പോൾ ലഭിച്ച 7.1.2020-ലെ സ്പഷ്ടീകരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.റിയാസുദ്ദീന്റെ 1.7.2019 മുതലുള്ള എച്ച്.എസ്.എസ്.ടി ജൂനിയർ അറബിക്

നിയമനം നിരസിച്ച് ഉത്തരവാകുകയാണുണ്ടായത്. ഈ നടപടി നിയമവിരുദ്ധമാണ്.

ഭാഷാ തസ്തിക അംഗീകാരം സംബന്ധിച്ച് ഹയർ സെക്കന്ററി ഡയറക്ടർക്ക് സർക്കാർ അയച്ച T2/610/2019/പൊ.വി.വ തീയതി 16.12.2019-ലെ കത്തിൽ ഭാഷാ അദ്ധ്യാപക തസ്തിക നിർണ്ണയത്തിന് തുടർച്ചയായ 3 വർഷം പ്ലസ്1,പ്ലസ് 2 ക്ലാസ്സുകളിൽ ഓരോ ബാച്ചിലും മിനിമം 50 കുട്ടികൾ വീതം ഉണ്ടായിരിക്കണം എന്നതാണ്. ഉപ ഭാഷയ്ക്ക് മാർജിനൽ ഇൻക്രീസ് ഒഴികെയുള്ള എണ്ണമാണ് തസ്തിക നിർണ്ണയത്തിന് പരിഗണിക്കുകയെന്നും ഉപഭാഷാ പഠനത്തിന് 25 കുട്ടികൾ വീതം വേണമെന്നും നിർദ്ദേശിക്കുന്നു. ഹർജിക്കാരൻ നിയമിക്കപ്പെട്ടത് 1.7.2019-നും സർക്കാർ നിർദ്ദേശങ്ങൾ ഇറങ്ങിയത് 16.12.2019നും ആകയാൽ നിയമനാർത്ഥിക്ക് ഈ നിയമങ്ങൾ ബാധകമാക്കേണ്ടതില്ല.

കുട്ടികളുടെ ആധിക്യം കാരണം ആവശ്യമായ സീറ്റുകളുടെ അഭാവത്തിൽ പ്ലസ്1, പ്ലസ്2 സീറ്റുകൾ നിശ്ചിത ശതമാനം വർദ്ധിപ്പിച്ചു കൊണ്ട് 2015-16 മുതൽ 2019-20 വരെ (ശ്രീ മുഹമ്മദ് റിയാസുദ്ദീൻ 1.7.2019 ന് നിയമിക്കപ്പെട്ട വർഷം ഉൾപ്പെടെ) സർക്കാർ ഉത്തരവിറക്കിയിരുന്നു. 2019-20 വർഷം അറബിക് പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിലുണ്ടായ മാർജിനൽ ഇൻക്രീസ് പ്ലസ്1, പ്ലസ്2 ക്ലാസ്സുകളിലായി 24+18=42 കുട്ടികളാണ്. റോൾ സ്ട്രെങ്ത്തും മാർജിനൽ ഇൻക്രീസും കൂട്ടുമ്പോൾ പ്ലസ്1, പ്ലസ്2 ക്ലാസ്സുകളിലായി 54+41+95 കുട്ടികൾ അറബി പഠനത്തിന് ലഭ്യമയ സ്ഥിതിക്ക് എച്ച്.എസ്.എസ്.ടി ജൂനിയർ അറബിക് തസ്തിക അംഗീകരിച്ച് അതിൽ നിയമിക്കപ്പെട്ട ശ്രീ.മുഹമ്മദ് റിയാസുദ്ദീന്റെ 1.7.2019 മുതൽക്കുള്ള എച്ച്.എസ്.എസ്.ടി ജൂനിയർ അറബിക് നിയമനം അംഗീകരിച്ച് ഉത്തരവാകണം എന്ന് അപേക്ഷിക്കുന്നു. 2019-20 വർഷം പ്ലസ് 2 ക്ലാസ്സിൽ അറബി പഠനത്തിന് 23 കുട്ടികൾ റോൾ സ്ട്രെങ്തിലും 18 കുട്ടികൾ മാർജിനൽ ഇൻക്രീസിലും ഉള്ളതിനാൽ എക്സിബിറ്റ് പി7, എക്സിബിറ്റ് പി8 റിവിഷൻ ഹർജികളിലെ ആവശ്യം അംഗീകരിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു."

3. ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ജൂനിയർ(അറബിക്ക്) ശ്രീ. മുഹമ്മദ് റിയാസുദ്ദീന്റെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

"2015 ജൂലായ് 8 മുതൽ തുടർച്ചയായി ഞാൻ ഇതേ സ്കൂളിൽ സേവനം ചെയ്യുന്നതാണ്. 2019 ഫെബ്രുവരി വരെയുള്ള ദിവസവേതനവും ലഭിച്ചിട്ടുണ്ട്. 2019 ജൂൺ 29ന് മാനേജർ അഭിമുഖത്തിന് ക്ഷണിച്ചപ്പോൾ നിലവിലുള്ള ഉത്തരവുകൾ പ്രകാരം ജൂനിയർ അറബിക് തസ്തികയ്ക്ക് ആവശ്യമായ കുട്ടികൾ (10/11) GO (Ms) No.122/91/G.Edn dated 02.8.1991, G.O (Ms) No.169/91/Gedn dated 1.10.1991, GO (Ms) No.125/98/G.Edn dated 21.4.1998 എന്നീ ഉത്തരവുകൾ പ്രകാരം ഉണ്ട് എന്ന് ഉറപ്പ് വരുത്തിയിരുന്നു. 20.12.19-ലെ കത്തിലൂടെ മലപ്പുറം ആർ.ഡി.ഡി പൊതുവിദ്യാഭ്യാസ ഡയറക്ടറോട് സ്പഷ്ടീകരണം ചോദിച്ചതിലൂടെ മുൻ കാലങ്ങളിൽ 25 കുട്ടികൾ ആവശ്യമായിരുന്നില്ല എന്ന് വ്യക്തമാണ്.

2018-ൽ പ്ലസ് വണ്ണിന് ചേർന്ന കുട്ടികളുടെ കാര്യത്തിലാണല്ലോ കുറവ് പറയുന്നത്. 2018 അഡ്മിഷന് മുമ്പോ 2019 ജൂണിലോ അഭിമുഖത്തിന് മുമ്പോ 25 കുട്ടികൾ വേണമെന്ന് പ്രതിപാദിച്ചുകൊണ്ട് ഒരു ഉത്തരവോ അല്ലോങ്കിൽ സർക്കുലറോ സർക്കാർ പുറപ്പെടുവിച്ചിട്ടില്ല.
2019-20-ൽ 41 കുട്ടികൾ അറബി പഠിക്കാൻ ഉണ്ടായിട്ടും മാർജിനൽ വർദ്ധനവ് എന്ന സാങ്കേതികത്വം കാരണം മാത്രമാണ് ഈ തസ്തിക നിരസിക്കപ്പെട്ടത്. പ്ലസ് വൺ പ്ലസ് ടു ക്ലാസ്സുകളിലായി 95 കുട്ടികൾ ഈ വർഷം അറബിക് പഠിച്ചിരുന്നു.

നിയനാംഗീകാരത്തിനുള്ള പ്രൊപ്പോസൽ സമർപ്പിച്ച് 11 മാസങ്ങൾക്ക് ശേഷമാണ് നിരസിച്ച് കൊണ്ടുള്ള ഉത്തരവ് അയച്ചത്. അപ്പോഴേക്കും എന്റെ മറ്റു പല ജോലിസാധ്യതകളും

നഷ്ടപ്പെട്ടിരുന്നു. പീന്നീട് സർക്കാരിലേക്ക് അപ്പീൽ നൽകി 3 വർഷവും കഴിഞ്ഞു.

2020-2021,21-22 അധ്യയന വർഷങ്ങളിൽ തസ്തിക നിർണ്ണയം നടന്നിട്ടുമില്ല. 2019-20 ലെ തസ്തിക നിർണ്ണയത്തിൽ ഈ തസ്തിക ഉൾപ്പെട്ടില്ലെങ്കിൽ എന്റെ മൂന്നര വർഷത്തെ വിലപ്പെട്ട സമയവും അധ്വാനവും നഷ്ടമാകും. 2020-21,21-22,22-23 അദ്ധ്യയന വർഷങ്ങളിൽ വർദ്ധനവ് കിഴിച്ച് 25-ൽ അധികം കുട്ടികൾ അറബി പഠിച്ചിട്ടുണ്ട്."

4. ഹയർസെക്കന്ററി മേഖല ഉപമേധാവി, മലപ്പുറം, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ ലഭ്യമാക്കിയ സമാനമായ റിപ്പോർട്ട് ചുവടെ പറയും പ്രകാരമാണ്.

"പാലക്കാട് ജില്ലയിലെ മുസ്ലീം ഹയർസെക്കന്ററി സ്കൂൾ 2014-15 അദ്ധ്യയന വർഷം ബയോളജി സയൻസ് ബാച്ചും ഉപഭാഷയായി മലയാളവും അനുവദിച്ചിരുന്നു. തുടർന്ന് 2015-16 അദ്ധ്യയന വർഷം മുതൽ കോമേഴ്സ് (39) ബാച്ചും ഉപഭാഷയായി അറബിക്കും അനുവദിക്കുകയുണ്ടായി. 2014-15 അദ്ധ്യയന വർഷം അനുവദിച്ച ബാച്ചിലേക്കുള്ള തസ്തികകൾ 21.8.2017-ലെ സ.ഉ (എം.എസ്) നം.106/2017/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചു. 2015-16 അദ്ധ്യയന വർഷം അനുവദിച്ച ബാച്ചിലേക്കുള്ള തസ്തികകൾ 06.02.2019 -ലെ സ.ഉ (എം.എസ്) നം.14/2019/പൊ.വി.വ ഉത്തരവ് പ്രകാരം 2019-20 അദ്ധ്യയന വർഷം മുതൽ അനുവദിക്കുകയുണ്ടായി. ടി ഉത്തരവ് പ്രകാരം അറബിക് വിഷയത്തിൽ ഒരു എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തിക അനുവദിച്ചിരുന്നു. ടി തസ്തികയിൽ നിയമനം നടത്തി മാനേജർ അപേക്ഷ മലപ്പുറം മേഖല ഉപമേധാവിയുടെ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നുവെങ്കിലും 2019-20 അദ്ധ്യയന വർഷത്തിൽ രണ്ടാം വർഷ അറബിക് പഠിച്ചിരുന്ന കുട്ടികളുടെ എണ്ണം 25-ൽ കുറവായതിനാൽ ടി നിയമനം അംഗീകരിച്ചിരുന്നില്ല.

ടി സ്കൂളിൽ 2019-20 അദ്ധ്യയന വർഷം മുതൽ രണ്ട് ബാച്ചുകളിലായി മലയാളം, അറബിക് എന്നീ ഉപഭാഷകൾ പഠിച്ചിരുന്ന വിദ്യാർത്ഥികളുടെ എണ്ണം (മാർജിനൽ വർദ്ധനവ് ഒഴികെ) മലപ്പുറം മേഖല ഉപമേധാവി ലഭ്യമാക്കിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

| വിഷയം | 2019-20 | | 2020-21 | | 2021-22 | | 2022-23 | |
|---|---|---|---|---|---|---|---|---|
| | XI | XII | XI | XII | XI | XII | XI | XII |
| മലയാളം | 70 | 77 | 69 | 70 | 67 | 69 | 68 | 67 |
| അറബിക് | 30 | 23 | 31 | 30 | 33 | 31 | 32 | 33 |

മേൽ കണക്ക് പ്രകാരം 2019-20 വർഷത്തിനു ശേഷം അറബിക് ഉപഭാഷയ്ക്ക് ഒന്നാം വർഷം, രണ്ടാം വർഷം വെവ്വേറെ 25-ൽ അധികം (മാർജിനൽ വർദ്ധനവ് ഒഴികെ) എണ്ണം വിദ്യാർത്ഥികൾ ഉള്ളതയി കാണുന്നു എന്നും ആയതിനാൽ ടി സ്കൂളിൽ എച്ച്.എസ്.എസ്.ടി ജൂനിയർ അറബിക് തസ്തിക അനുവദിക്കുന്നതിനുള്ള മതിയായ പീരീഡ് ഉള്ളതായി കാണുന്നു എന്നും മലപ്പുറം മേഖല ഉപമേധാവി അറിയിച്ചിട്ടുണ്ട്.

ICTസെല്ലിൽ നിന്നുള്ള ടി സ്കൂളിലെ student data പരിശോധിച്ചതിൽ നിന്ന് 2020-21 അദ്ധ്യയന വർഷം മുതൽ ടി സ്കൂളിൽ തുടർച്ചയായി അറബിക് ഉപഭാഷയ്ക്ക് 25 കുട്ടികളിൽ കൂടുതൽ ഉള്ളതായി കാണുന്നു."

5. സർക്കാർ ഇക്കാര്യം ഹിയറിംഗ് സമയത്തെ വാദം, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ഹാജരാക്കപ്പെട്ട രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരന്റെ എക്സി.പി7, പി8 റിവിഷൻ ഹർജികൾ പരിഗണിച്ച് സർക്കാർ

ഉചിതമായ തീരുമാനം എടുക്കുവാനാണ് ബഹ.ഹൈക്കോടതി വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. എക്സിപിറ്റ് പി7 ഹർജിയിലെ ആവശ്യം 2019-20 തസ്തിക നിർണ്ണയത്തിൽ +1, +2 ക്ലാസ്സുകളിലായി ലഭ്യമായ 30+23 അറബിക് കുട്ടികളുടെ അടിസ്ഥാനത്തിൽ ഒരു എച്ച്.എസ്.എസ്.റ്റി അറബിക് ജൂനിയർ തസ്തിക അനുവദിക്കണമെന്നതാണ്. 1.7.2019 മുതൽ ടി തസ്തികയിൽ നിയമിതനായ ശ്രീ.റിയാസുദ്ദീൻ പി.വി യുടെ നിയമനം നിയമന തീയതി മുതൽ അംഗീകരിക്കണമെന്നതാണ് എക്സിപിറ്റ് പി8 റിവിഷൻ ഹർജിയിലെ ആവശ്യം. സ.ഉ (എം.എസ്) 14/2019/പൊ.വി.വ തീയതി 6.2.2019 പ്രകാരം 2019-20 അദ്ധ്യയന വർഷം മുതൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ അറബിക് തസ്തിക അനുവദിച്ചിരുന്നു. ടി തസ്തികയിൽ ശ്രീ.റിയാസ്സുദ്ദീൻ പി.വി. യെ മാനേജർ നിയമനം നടത്തി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും 2019-20 അദ്ധ്യയന വർഷത്തിൽ രണ്ടാം വർഷ അറബിക് പഠിച്ചിരുന്ന കുട്ടികളുടെ എണ്ണം 25-ൽ കുറവായിരുന്നതിനാൽ ടി നിയമനം മലപ്പുറം മേഖല ഉപമേധാവി അംഗീകരിച്ചിരുന്നില്ല. എന്നാൽ 2019-20 വർഷത്തിനുശേഷം ഒന്നാം വർഷം, രണ്ടാം വർഷം വെവ്വേറെ 25-ൽ അധികം വിദ്യാർത്ഥികൾ ഉള്ളതായി കാണുന്നുവെന്നും ആയതിനാൽ ടി സ്കൂളിൽ എച്ച്.എസ്.എസ്.ടി ജൂനിയർ അറബിക് തസ്തിക അനുവദിക്കുന്നതിനുള്ള മതിയായ പീരീഡ് ഉള്ളതായി കാണുന്നുവെന്നും മലപ്പുറം മേഖല ഉപമേധാവി റിപ്പോർട്ട് ചെയ്യുന്നു.

21.4.1998-ലെ G.O (Ms) 125/98/പൊ.വി.വ പ്രകാരം, ഹയർസെക്കന്ററി വിഭാഗത്തിൽ ഭാഷാ തസ്തികകൾ അനുവദിക്കുവാൻ ചുരുങ്ങിയത് 20 കുട്ടികൾ വേണമെന്ന 3.6.1997-ലെ GO(Ms) 186/1997/GEdn ഉത്തരവിലെ നിബന്ധന ലഘൂകരിച്ചുകൊണ്ട് മിനിമം 10 കുട്ടികൾ ഭാഷാപഠനത്തിന് ഉണ്ടെങ്കിൽ ഭാഷാ തസ്തിക അനുവദിക്കാമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭാഷാ തസ്തിക അംഗീകാരം സംബന്ധിച്ച് ഹയർസെക്കന്ററി ഡയറക്ടർക്ക് സർക്കാർ അയച്ച 16.12.2019-ലെ T2/610/2019 കത്തിൽ ഒരു ബാച്ചിൽ മലയാളം/ഹിന്ദി/അറബിക്-ന് 25 കുട്ടികൾ വീതം വേണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പുതുനഗരം മുസ്ലീം എച്ച്.എസ്.എസ്-ൽ 2019-20 വർഷം +2 വിന് 23 കുട്ടികളാണ് ഉണ്ടായിരുന്നത്. ടി സ്കൂളിൽ ശ്രീ.റിയാസ്സുദ്ദീൻ.പി.വി യെ മാനേജർ നിയമിച്ചിട്ടുള്ളത് 1.7.2019-ലാണ്.

മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിലും, ടി സ്കൂളിൽ എച്ച്.എസ്.എസ്.ടി ജൂനിയർ അറബിക് തസ്തിക അനുവദിക്കുന്നതിനുള്ള മതിയായ പീരീഡ് ഉള്ളതായി കാണുന്നുവെന്ന മലപ്പുറം മേഖല ഉപമേധാവിയുടെ റിപ്പോർട്ട് പരിഗണിച്ചും പാലക്കാട്, പുതുനഗരം മുസ്ലീം എച്ച്.എസ്.എസ്-ൽ 1.7.2019-ൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിൽ നിയമിതനായ ശ്രീ.റിയാസ്സുദ്ദീൻ പി.വിയുടെ നിയമനം, ഭിന്നശേഷി സംവരണം പാലിച്ച് നിയമന തീയതി മുതൽ അംഗീകരിച്ചു നൽകുവാൻ മലപ്പുറം മേഖല ഉപമേധാവിക്ക് നിർദ്ദേശം നൽകി ഹർജിക്കാരനായ പാലക്കാട് ജില്ലയിലെ പുതുനഗരം മുസ്ലീം ഹൈസ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext. P7) പുന പരിശോധനാ ഹർജിയും പരാമർശം 2 (Ext. P8) അപ്പീൽ ഹർജിയും തീർപ്പാക്കി അപ്രകാരം ബഹ.ഹൈക്കോടതിയുടെ പരാമർശം 3 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതു വിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കന്ററി വിഭാഗം)

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,തിരുവനന്തപുരം.

ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലാ ഉപ മാധാവി,

സിവിൽ സ്റ്റേഷൻ മലപ്പുറം

മാനേജർ, മുസ്ലീം ഹൈസ്കൂൾ, പുതുനഗരം പാലക്കാട് .

പ്രഥമാദ്ധ്യാപകൻ, മുസ്ലീം ഹൈസ്കൂൾ, പുതുനഗരം പാലക്കാട് .

ശ്രീ. മുഹമ്മദ് റിയാസുദ്ദീൻ, ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ

ജൂനിയർ(അറബിക്ക്) മുസ്ലീം ഹൈസ്കൂൾ, പുതുനഗരം പാലക്കാട് .

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 28-12-2023 15:04:54

സെക്ഷൻ ഓഫീസർ